**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3405 — 18/02/2013 ൽ മറുപടിയ്ക്ക്

## ഗ്രീൻഹൗസുകൾ നിർമ്മിക്കുന്നതിനുള്ള ഗ്രാന്റ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ<br>,, റ്റി. എൻ. പ്രതാപൻ<br>,, എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ഹൈടെക് കൃഷി വ്യാപകമാക്കാൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് ; വിശദമാക്കുമോ; | എ) സംസ്ഥാനത്ത് ഹൈടെക് കൃഷി വ്യാപകമാക്കുവാൻ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹൈടെക് ഫാമിംഗ് പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ ഓരോ ഗ്രാമപഞ്ചായത്തിലും 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള 3 ഹൈടെക് പോളീഹൗസുകൾ വീതം നിർമ്മിക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പോളിഹൗസ് നിർമ്മിക്കുന്നതിന് ചെലവ് പ്രതീക്ഷിക്കുന്ന 3.74 ലക്ഷം രൂപയുടെ 75% തുകയായ 2,80,500/- രൂപ ധനസഹായമായി നൽകുന്നു. ഇതിൽ 1.87 ലക്ഷം രൂപ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിഹിതവും 0.935 ലക്ഷം രൂപ സംസ്ഥാന വിഹിതവുമായാണ് നൽകുന്നത്.<br>കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കുന്ന നാച്ചുറലി വെന്റിലേറ്റഡ് ട്യൂബുലാർ സ്ട്രക്ച്ചറിലെ ഹൈടെക് കൃഷി പദ്ധതിയ്ക്കായി 90910 ചതുരശ്ര മീറ്റർ സ്ഥലത്തേയ്ക്ക് 425 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈടെക് കൃഷി നടപ്പിലാക്കുന്നതിനായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 50% |

| | | | |
|---|---|---|---|
| | | | നിരക്കിലാണ് കർഷകർക്ക് ധനസഹായം നൽകുന്നത്. |
| ബി) | ഇതിന്റെ ഭാഗമായി ഗ്രീൻഹൗസുകൾ നിർമ്മിക്കാൻ സന്നദ്ധതയുള്ള കർഷകർക്ക് ഗ്രാന്റ് അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | ഉണ്ട്,<br>1. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ഹൈടെക് ഫാമിംഗ് പദ്ധതി - 75% ധനസഹായം.<br>2. രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഹൈടെക് ഫാമിംഗ് പദ്ധതി - 50% ധനസഹായം.<br>3. പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഹൈടെക് ഫാമിംഗ് - 50% ധനസഹായം. |
| സി) | ഏതെല്ലാം കൃഷിക്കാണ് പ്രസ്തുത സാങ്കേതിക വിദ്യ ഏർപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളത്; | സി) | പ്രധാനമായും പച്ചക്കറികൾ, പുഷ്പവിളകൾ എന്നിവയ്ക്കാണ് ഹൈടെക് ഫാമിംഗ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുവാൻ ഉദ്ദ്യേശിച്ചിട്ടുള്ളത്. |
| ഡി) | ഇത്തരം കാർഷിക ഉൽപ്പന്നങ്ങൾ വിൽക്കുവാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്? | ഡി) | ഹോർട്ടിക്കോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയുടെ വിപണന സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വിൽക്കുവാനാണ് വിഭാവനം ചെയ്യുന്നത്. കൂടാതെ ഇത്തരം ഹൈടെക് പോളിഹൗസുകളെ ബ്ലോക്ക് അടിസ്ഥാനത്തിൽ ക്ലസ്റ്ററുകളായി സംഘടിപ്പിച്ച് ബ്ലോക്ക് തല സംഭരണ വിപണന സംവിധാനങ്ങൾ ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**